प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

നവംബർ 19, 2018

## ആർ ബി ഐയുടെ കേന്ദ്രബോർഡ് മുംബൈയിൽ യോഗം ചേർന്നു.

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കേന്ദ്ര ബോർഡ് മുംബൈയിൽ ഇന്ന് യോഗം ചേർന്ന് താഴെപ്പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്തു. ബേസൽ നിയന്ത്രണ മൂലധന ചട്ടക്കൂട്, എം.എസ്.എം ഈ-കൾക്കുള്ള ഒരു പുനഃസംഘടനാ പദ്ധതി, ഊർജ്ജിത തിരുത്തൽ പ്രക്രിയയുടെ രൂപഘടനയിൻ കീഴിൽ ബാങ്കുകളുടെ ആരോഗ്യം (Prompt corrective action (PCA) Frame work), ആർ ബി ഐ യുടെ സാമ്പത്തിക മൂലധന ചട്ടക്കൂട് (ECF). ഈ സി എഫ് പരിശോധിക്കാൻ ഒരു വിദഗ്ദസമിതി രൂപവല്ക്കരിക്കാൻ ബോർഡ് തീരുമാനിച്ചു. ഇ. സി. എഫി ൻറെ അംഗത്വവും നിർദ്ദേശ വ്യവസ്ഥകളും ഇൻഡ്യാ ഗവർൺമെൻറും ആർബിഐ.യും സംയുക്തമായി തീരുമാനിക്കും. 250 ദശലക്ഷത്തിനു മേൽ മൊത്തം വായ്പകളെടുത്ത എം എസ് എം ഈ വായ്പാകാരുടെ പിഡിത സ്റ്റാൻഡേർഡ് ആസ്തികളെ പുനഃരൂപീകരി ക്കുന്നതിനു വേണ്ടി ഒരു പദ്ധതി ആർ.ബി.ഐ പരിഗണിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. സാമ്പത്തികസ്ഥിരത ഉറപ്പുവരുത്താൻ ആവശ്യമായിട്ടുള്ള നിബന്ധനകൾക്കു വിധേയമായിരിക്കണം അത്. 9% സി ആർ എ ആർ (CRAR) നിലനിർത്താൻ തീരുമാനിക്കുമ്പോൾ തന്നെ മൂലധന സംരക്ഷണ ശേഖര (Capital conservation buffer) CCB) ത്തിൽ കീഴിലുള്ള അവസാനത്തെ 0.625% വിഹിതം നടപ്പിലാക്കുന്നതിനുള്ള പരിവർത്തന കാലാവധി, 2020 മാർച്ച് 31 വരെ ഒരു വർഷത്തേയ്ക്ക് നീട്ടാമെന്ന് സമ്മതിച്ചിട്ടുണ്ട്. പി.സി.എ യിൻ കീഴിലുള്ള ബാങ്കുകളുടെ കാര്യത്തിൽ, ഇക്കാര്യം ആർ.ബി.ഐ. യുടെ സാമ്പത്തിക നിയന്ത്രണ കാര്യസമിതി (ബി ഓഫ് എസ്) പരിശോധിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

ജോസ് ജെ കാട്ടൂർ
ചീഫ് ജനറൽ മാനേജർ

പ്രസ്സ് റിലീസ് 2018-2019/1165